(ജി) ഇല്ല. ചീഫ് എക്സിക്യൂട്ടീവിന്റെ ആഫീസ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു.

(എച്ച്) തത്കാലം ഉദ്ദേശ്യമില്ല.

വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി

72 (237) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി 1998 ആഗസ്റ്റ് മാസം സമർപ്പിച്ച നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ബി) ഇവരുടെ പ്രധാന ആവശ്യങ്ങളിൽ ഏതെല്ലാം സർക്കാർ പരിശോധിച്ചെന്നും ഇതിൽ സർക്കാർ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ;

(സി) വിശ്വകർമ്മ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളായി അംഗീകരിക്കുക. പെൻഷനും, ആനുകൂല്യങ്ങളും നൽകുക തുടങ്ങിയ ആവശ്യങ്ങളിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത നിവേദനം തൊഴിൽ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

(ബി) ഉദിക്കുന്നില്ല.

(സി) വിശ്വകർമ്മ തൊഴിലാളികൾക്ക് കേരളാ കൈത്തൊഴിലാളി-വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാകാവുന്നതാണ്. പദ്ധതി വ്യവസ്ഥയനുസരിച്ചുള്ള എല്ലാ ആനുകൂല്യങ്ങളും ഇതിൽ അംഗത്വമുള്ള വിശ്വകർമ്മർക്കും നല്കി വരുന്നു. ഈ പദ്ധതിയിൽ അംഗമായി 5 വർഷം പൂർത്തിയാക്കിയ 60 വയസ്സുള്ള അംഗങ്ങൾക്ക് പ്രതിമാസം 100 രൂപ പെൻഷൻ നല്കുന്ന കാര്യം പരിഗണനയിലാണ്.

ഇ.എസ്.ഐ. റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിനുള്ള കാലതാമസം

73 (238) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. വ്യവസ്ഥ പ്രകാരം തൊഴിലാളികൾക്ക് റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(സി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly